# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.75/PR/PIC/PHQ/18 Date : 26.03.2018

---

**<u>പോലീസുദ്യോഗസ്ഥർക്ക് നാളെ (27.03.18) പ്രായോഗിക പരിശീലനം</u>**

ഗതാഗത പരിശോധനാ വേളയിലും മറ്റ് സമാന സന്ദർഭങ്ങളിലും ശരിയായ പരിശോധനാ രീതികളും പെരുമാറ്റവും ഉറപ്പുവരുത്തുന്നതിന് ഒരു മണിക്കൂർ അടിയന്തിര പ്രായോഗിക പരിശീലനം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകാൻ സംസ്ഥാന പോലീസ് മേധാവി ലോക് നാഥ് ബെഹറ ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി. നാളെ (27/03/2018) രാവിലെ 11.00 മണി മുതലാണ് പരിശീലനം.

ഗതാഗത പരിശോധനാ വേളയിൽ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങളെ സംബന്ധിച്ച് നിലവിലുള്ള സർക്കുലറുകളിലെ നിർദ്ദേശങ്ങൾക്കൊപ്പം പ്രായോഗിക സന്ദർഭങ്ങളും പരിശീലനത്തിൽ ഉൾപ്പെടുത്തണം. ഹെൽമറ്റ് ഇല്ലാതെയുള്ള ബൈക്ക് യാത്ര, ഓവർ സ്പീഡിൽ സഞ്ചരിക്കുന്ന കാർ തുടങ്ങി വിവിധ സന്ദർഭങ്ങളിൽ എങ്ങനെയാണ് പരിശോധന നടത്തേണ്ടതെന്നും പെരുമാറ്റം എങ്ങനെയായിരിക്കണം എന്നുമുള്ള പ്രായോഗിക പരിശീലനമാണ് നൽകേണ്ടത്. പൊതുവിൽ വാഹന യാത്രികരുടെ ഭാഗത്തുനിന്നുണ്ടാകുന്ന നിയമ ലംഘനങ്ങളും തെറ്റായ രീതികൾ സംബന്ധിച്ചും അവ കൈകാര്യം ചെയ്യേണ്ട രീതിയും പരിശീലനത്തിൽ ഉൾപ്പെടുത്തണം. ഹൈവേ പട്രോൾ ഉദ്യോഗസ്ഥർ, ട്രാഫിക് പോലീസ് ഉദ്യോഗസ്ഥർ, ട്രാഫിക് നിയന്ത്രിക്കുന്ന പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ തുടങ്ങിയവരെയെല്ലാം പരിശീലനത്തിൽ ഉൾപ്പെടുത്തണം. തുടർന്നും പരിശീലനം ആവർത്തിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദേശിച്ചു.

***************